**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1015** **12-06-2024 - ൽ മറുപടിയ്ക്ക്**

**കരിങ്ങാലി മുക്ക് ലോക്ക് കം ബ്രിഡ്ജ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ എടച്ചേരി ഗ്രാമപഞ്ചായത്തിലെ കരിങ്ങാലിമുക്ക് ലോക്ക് കം ബ്രിഡ്ജ് പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; | (എ) | ലോക്ക് കം ബ്രിഡ്ജിന്റെ 2 ലാസ്റ്റ് സ്പാനുകൾ, ലോക്ക് ഷട്ടറുകൾ ഘടിപ്പിക്കേണ്ട ഭാഗങ്ങൾ ഒഴികെയുള്ള ഭാഗത്തെ ലോക്ക് വാൾ, ഇടത് ചേമ്പറിലെ ഷട്ടറുകൾ വരാത്ത ഭാഗത്ത് ആപ്രൺ കോൺക്രീറ്റ് എന്നീ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. എഗ്രിമെന്റ് കണ്ടീഷൻ പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ & ഡ്രോയിംഗ് കരാറുകാരൻ തന്നെയാണ് തയ്യാറാക്കി സമർപ്പിക്കേണ്ടത്. കരാറുകാരൻ എഗ്രിമെന്റ് അതോറിറ്റി വഴി സമർപ്പിച്ച ഡിസൈൻ & ഡ്രോയിംഗിൽ കണ്ടെത്തിയ പിഴവുകൾ കറക്ട് ചെയ്ത് സമർപ്പിക്കുവാൻ എഗ്രിമെന്റ് അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാകും എന്ന് അറിയിക്കാമോ; | (ബി) | 2025 മെയ് 31 നകം പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കും. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായ മെക്കാനിക്കൽ ഷട്ടറുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ